**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4147** **09-08-2021 - ൽ മറുപടിയ്ക്ക്**

**മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | പറവൂർ/കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റിയിലെയും അതിന് സമീപത്തുള്ള 11 പഞ്ചായത്തുകളിലെയും പൈതൃക സ്മാരകങ്ങളും സ്ഥലങ്ങളും കണ്ടെത്തി അവ സംരക്ഷിക്കുകയും മ്യൂസിയങ്ങളും മറ്റും നിർമ്മിച്ച് ഈ പ്രദേശം ഒരു പൈതൃക ടൂറിസം കേന്ദ്രമായി വളർത്തിയെടുക്കുകയും ചെയ്യുക എന്നുള്ളതാണ് മുസിരിസ് പൈതൃക പദ്ധതിയുടെ ലക്ഷ്യം. ഇതുമൂലം പ്രദേശവാസികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്ക് പൈതൃകത്തെ സംബന്ധിച്ച് അറിവ് പകരുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (ബി) | ഇന്ത്യയിലെ ഏറ്റവും പുരാതനമായതും പോർച്ചുഗീസുകാർ നിർമ്മിച്ചതുമായ വൈപ്പിൻ നിയോജക മണ്ഡലത്തിലെ പള്ളിപ്പുറം കോട്ടയും കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഡച്ചുകാരുടെ ആസ്ഥാനമന്ദിരമായ കെട്ടിടവും പുരാതനമായ അമ്പലങ്ങളും പള്ളികളും മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുവാനും പദ്ധതിയുടെ ഭാഗമാക്കുവാനും നടപടികൾ സ്വീകരിക്കുമോ; | (ബി) | മുസിരിസ് പൈതൃക പദ്ധതിയിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ പള്ളിപ്പുറം പഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. കുഴുപ്പിള്ളി പഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടില്ല. ആയത് പരിശോധിക്കാവുന്നതാണ്. പള്ളിപ്പുറം പഞ്ചായത്തിൽ മുസിരിസ് മഞ്ഞുമാതാ പള്ളിയിലും പള്ളിപ്പുറം കോട്ടയുടെ മുൻപിലും ഓരോ ടോയിലറ്റ് കോംപ്ലക്സ് പണി കഴിപ്പിച്ചിട്ടുണ്ട്. കോട്ടയുടെ മതിൽകെട്ടിന് പുറത്ത് പണികഴിപ്പിച്ചിട്ടുള്ള ജെട്ടിയോടനുബന്ധിച്ച് ലാൻഡ് സ്കേപ്പിംഗ് നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സഹോദരൻ അയ്യപ്പൻ സ്മാരകത്തിൽ അദ്ദേഹത്തിന്റെ വീട് പുനരുദ്ധരിക്കുകയും ലാൻഡ് സ്കേപ്പിംഗ് നടത്തുകയും ചെയ്തു. സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് മുൻപിലായി ഒരു ബോട്ട്ജെട്ടി സ്ഥാപിച്ചു. സഹോദരൻ അയ്യപ്പൻ ഓഡിറ്റോറിയവും നവീകരിച്ചു. ഓഫീസ് കെട്ടിടത്തിൽ മുകളിലെ നിലകളിൽ സഹോദരൻ അയ്യപ്പൻ മ്യൂസിയം സ്ഥാപിച്ചു. മിശ്രഭോജനത്തിന്റെ സ്മാരകത്തിനായി 3 സെന്റ് സ്ഥലം ഉണ്ടിടപറമ്പിൽ പൊന്നും വിലകൊടുത്ത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ചെറായി |

| | | | |
|---|---|---|---|
| | | | ശ്രീവരാഹം ക്ഷേത്രം, പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്ഷേത്ര ഭാരവാഹികളിൽ നിന്ന് കൺസെന്റ് ലഭിക്കാൻ താമസിക്കുന്നതിനാൽ കൺസർവേഷൻ നടപടികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അനുവാദം ലഭിക്കുകയാണെങ്കിൽ പള്ളിപ്പുറത്ത് പോലീസ് ഡിപ്പാർട്ട്മെന്റിന്റെ കൈവശത്തിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഒരു ഇന്റർപ്രറ്റേഷൻ സെന്ററും/പോലീസ് മ്യൂസിയവും, മുനമ്പം ബീച്ചിൽ വികസന പ്രവർത്തനങ്ങൾ, മഞ്ഞുമാതാ പള്ളി മുതൽ പള്ളിപ്പുറം കോട്ടവരെ പുഴയരികിൽ കൂടി ഒരു നടപ്പാത എന്നിവ നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) | എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | (ബി) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ